### ഗവ: ഹൈസ്കൂൾ കുറുമ്പാല

# ലിറ്റിൽ ന്യൂസ് ജൂലൈ 2024



### ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## അവാർഡിന്റെ നിറവിൽ ജി.എച്ച്.എസ് കുറുമ്പാല






കുപ്പാടിത്തറ: നൂറ്റാണ്ടിന്റെ പ്രൗഢിയോടെ കുപ്പാടിത്തറയുടെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന വയനാട്ടിലെ മികച്ച ഹൈടെക് വിദ്യാലയമായ ജി എച്ച് എസ് കുറുമ്പാല 2023 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അവാർഡിന് അർഹത നേടി. ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായി കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിനുള്ള 2023-24 വർഷത്തെ പ്രവർത്തന മികവിനാണ് അവാർഡ് ലഭിച്ചിട്ടുള്ളത്. പ്രവർത്തന കലണ്ടർ പ്രകാരം അടുക്കും ചിട്ടയോടും കൂടി നടത്തിയ പരിശീലന പ്രവർത്തനങ്ങൾ, അമ്മമാർക്ക് നടത്തിയ സൈബർ സുരക്ഷാപരിശീലനം, രക്ഷിതാക്കൾക്കുള്ള ഐ ടി പരിശീലനം, ഭിന്നശേഷി വിദ്യാർത്ഥികൾക്കും,ലിറ്റിൽ കൈറ്റ്സ് ഇതര വിദ്യാർത്ഥികൾക്കും നൽകിയ പരിശീലനങ്ങൾ, വിവിധ വിഷയങ്ങളിൽ തയ്യാറാക്കിയ ഡിജിറ്റൽ ഡോകുമെന്ററികൾ, ഫീൽഡ് ട്രിപ്പുകൾ, ഡിജിറ്റൽ മഗസിൻ , ജില്ലാ - സംസ്ഥാന ഐ.ടി.മേളകൾ, ലിറ്റിൽ കൈറ്റ്സ് ക്യാമ്പുകൾ എന്നിവയിലെ മികവ്,+വൺ-ഏകജാലക ഹെൽപ് ടെസ്ക്,സ്കൂൾ വിക്കി അപ്ഡേഷൻ, വിവിധ ക്യാമ്പുകൾ, ലിറ്റിൽ കൈറ്റ്സ് കോർണർ,ഫ്രീഡംഫെസ്റ്റ്, സത്യമേവ ജയതേ , YIP പരിശീലനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളുടെ മികവാണ് ജില്ലയിലെ മികച്ച യൂണിറ്റിനുള്ള മൂന്നാം സ്ഥാനത്തിനുള്ള പുരസ്കാരത്തിനായിപരിഗണിച്ചത്.

### ബഷീർ അനുസ്മരണം

ജൂലൈ 5 ന് പ്രമുഖ സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ ദിനാചരണം സ്കൂളിൽ വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു.വിദ്യാരംഗം കലാ സാഹിത്യവേദിയുടെ നേതൃത്വത്തിൽ അനുസ്മരണ പ്രഭാഷണം, ക്വിസ്, ഡോക്യുമെൻററിപ്രദർശനം, ചിത്ര രചന, പുസ്തക പ്രദർശനം തുടങ്ങിയ പരിപാടികൾ നടത്തി.

### അലിഫ് ടാലൻറ് ടെസ്റ്റ് 2024

സ്കൂളിലെ അറബിക് ക്ലബ്ബിൻെറ നേതൃത്വത്തിൽ അലിഫ് ടാലൻറ് ടെസ്റ്റ്സംഘടിപ്പിച്ചു.നമീറനസ്റിൻ ഒന്നാം സ്ഥാനവും, മിസ്ന ഫാത്തിമ രണ്ടാം സ്ഥാനവും, മുഹമ്മദ് യാസർ മൂന്നാം സ്ഥാനവും നേടി.

### വിദ്യാലയ അറിയിപ്പുകൾ

*ഇൻസ്പെയർ അവാർഡ്, NMMS സ്കോളർഷിപ്പ്-എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്

⋆ സ്വകാര്യ വാഹനങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ പ്രവേശിക്കരുത്.

⋆വിദ്യാലയംTOBACCO FREE INSTITUTION ആയിപ്രഖ്യാപിച്ചതിനാൽ സ്കൂളിൻെറ 100 മീറ്റർ ചുറ്റളവിൽ പുകവലി ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം ശിക്ഷാർഹമാണ്.

## സ്പോർട്സ് കിറ്റിനുള്ള കൂപ്പണുകൾ ഏറ്റുവാങ്ങി



പാരീസ് ഒളിമ്പിക്സിനോടനുബന്ധിച്ച് ജില്ലാ ഒളിമ്പിക് അസോസിയേഷൻെറ നേതൃത്വത്തിൽ നടത്തപെടുന്ന പ്രചരണ പരിപാടികളുടെ ഭാഗമായി കുറുമ്പാല ഗവ. ഹൈസ്കൂളിന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഗിഫ്റ്റ് കൂപ്പണുകൾ ലഭിച്ചു.ജൂലൈ 28 ന് കൽപ്പറ്റ പാറക്കലിലെ സ്കാമ്പിലോ സ്പോർട്സ് മാളിൽവെച്ച് നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാറിൽ നിന്ന് കൂപ്പണുകൾ ഏറ്റുവാങ്ങി.

## ചാന്ദ്രദിനം



ചാന്ദ്രദിനത്തോടനുബന്ധിച്ച് ജൂലൈ 26 ന് സയൻസ് ക്ലബ്ബിൻെറ നേതൃത്വത്തിൽ ഹൈസ്കൂൾ,പ്രൈമറി വിഭാഗങ്ങളിൽ റോക്കറ്റ് മോഡൽ നിർമ്മാണം, കളറിംഗ് തുടങ്ങിയ മത്സരങ്ങൾ നടത്തി.

## യാത്രയയപ്പ് നൽകി



വിദ്യാലയത്തിലെ ഓഫീസ് ജീവനക്കാരനായ സോനുവിന് യാത്രയയപ്പ് നൽകി.അഞ്ച് വർഷത്തോളം സ്കൂളിൽ ക്ലർക്ക് തസ്തികയിൽ സേവനം ചെയ്ത സോനുവിന് തരിയോട് ഹയർ സെക്കണ്ടറി സ്കൂളിലേക്കാണ് സ്ഥലം മാറ്റം ലഭിച്ചത്.2023 ജൂലൈ 27 ന് ചേർന്ന യാത്രയയപ്പ് ചടങ്ങിൽ അധ്യാപകരും ജീവനക്കാരുംപങ്കെടുത്തു.

## മേരി ആവാസ് സുനോ





സ്കൂളിലെ ഉർദു ക്ലബ്ബിൻെറ നേതൃത്വത്തിൽ മേരി ആവാസ് സുനോ പ്രോഗ്രാം സംഘടിപ്പിച്ചു. കുട്ടികൾ വിവിധ കലാപരിപാടികൾനടത്തി.

### <u>വാർത്തകൾ തയ്യാറാക്കിയത്</u>

**നാജിയ ഫാത്തിമ, സുകന്യ സുനിൽ കുമാർ,**
**മുഹമ്മദ് ഫായിസ് ഷേഖ്, വിസ്മയ, മിസ്‌രിയത്ത്**




## വയനാട് ദുരന്തം



കേരളം കണ്ട ഏറ്റവും വലിയ ദുരന്തത്തിൽ വിറങ്ങലിച്ച് വയനാട്. മേപ്പാടിയിലെ ചൂരൽമലയിലും, മുണ്ടക്കൈയിലുമുണ്ടായ രണ്ട് ഉരുൾപൊട്ടലുകളിൽ മുന്നൂറിലേറെ ആളുകൾ മരണപ്പെട്ടു.നിരവധിയാളുകളെ കാണാതായി

## പ്രധാന പൊതുവാർത്തകൾ

പാരീസ് ഒളിമ്പിക്സിന് തിരി തെളിഞ്ഞു.

ഷൂട്ടിംഗിൽ ഇന്ത്യയുടെ മനുഭക്കറിന് വെങ്കലം

സിംബബാവെക്കെതിരായ T20 പരമ്പര ഇന്ത്യ സ്വന്തമാക്കി.

16 ാം കോപാ അമേരിക്ക ഫുട്ബാൾ കിരീടം അർജൻറീനയ്ക്ക്.

കേരള സാഹിത്യ അക്കാദമി അവാർഡുകൾ പ്രഖ്യാപിച്ചു.

ചരിത്രകാരൻ എം ആർ രാഘവവാര്യർക്കും, നാടക രചയിതാവ് സി എൽ ജോസഫിനുമാണ് ഫെല്ലോഷിപ്പ്.

സമഗ്ര സംഭാവനക്കുള്ള അവാർഡുകൾക്ക് കെ വി കുമാരൻ,പ്രേമ ജയകുമാർ,പി കെ ഗോപി,ബക്കളം ദാമോദരൻ, എം രാഘവൻ, രാജൻ തിരുവോത്ത് എന്നിവർഅർഹരായി